LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24-5-1995-ൽ

(ബി) നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും 24-5-1995-ന് ശേഷം സർക്കാർ അംഗീകാരത്തോടെ ഒരാളെയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15 പേരേയും ആശ്രിത നിയമനപ്രകാരം 4 പേരേയും നിയമിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ ടി. എസ്.പി. ഫണ്ട് കൂടി പ്രയോജനപ്പെടുത്തി ആരംഭിച്ച ഗാർമെന്റ് യൂണിറ്റിൽ നേരിട്ടുള്ള നിയമനപ്രകാരം 50 സ്ത്രീ തൊഴിലാളികളേയും നിയമിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ

118 [1308] ശ്രീ. വി. ഡി. സതീശൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ എ. കെ. മണി:

„ എം. പി. ഗംഗാധരൻ:

„ അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഈറ്റ, മൽസ്യം, ഖാദി ഗ്രാമവ്യവസായങ്ങൾ എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ.

(ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വില്പനയ്ക്ക് 50% കേന്ദ്ര സഹായത്തോടെ വിപണന വികസന സഹായം (എം. ഡി. എ.), 100%

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹായത്തോടെ സഹകരണവൽക്കരണം, 100% സഹായത്തോടെ മഹിള കയർ വികസന പദ്ധതി, എസ്.ജി.എസ്.വൈ. മുഖേനയുള്ള തൊണ്ട് ശേഖരണം എന്നീ പദ്ധതികൾ കയർ മേഖലയിൽ നടപ്പാക്കി വരുന്നു. കൈത്തറി മേഖലയിൽ 10,000 നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ഇന്റഗ്രേറ്റഡ് ഹാൻലൂം ട്രെയിനിംഗ് പദ്ധതി, ദീൻദയാൽ വികസന പദ്ധതി, ഹാൻലൂം എക്സ്പോർട്സ് സ്കീം എന്നിവ സമർപ്പിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ ഫാക്ടറിയോടനുബന്ധിച്ച് ഒരു ശിശു സംരക്ഷണശാല, ഒരു കാഷ്യൂ പ്രൊസസിംഗ് യൂണിറ്റ് ഇവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ ബാബു സാഹിബ് അംബേദ്കർ ഹസ്ത ശിൽപ വികാസ് യോജന, അർബൻ ഹാത്ത്, ഡിസൈൻ ആന്റ് ടെക്നോളജി അപ്ഗ്രഡേഷൻ, എക്സ്പോർട്ട് പ്രൊമോഷൻ, റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം, ട്രെയിനിംഗ് ആന്റ് എക്സ്റ്റൻഷൻ എന്നിവയ്ക്കാവശ്യമായ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ബാംബൂ മിഷനിൽനിന്നും സഹായം ലഭിക്കുന്നതിനും പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

119 [1309] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ഡോ. തോമസ് ഐസക്:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം പരമ്പരാഗത വ്യവസായ മേഖലയിലെ കേന്ദ്ര സഹായ പദ്ധതികളെ സംബന്ധിച്ചാണ് കേന്ദ്ര സർക്കാർ പ്രതിനിധികളുമായി നേരിട്ട് ചർച്ച നടത്തിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർ മേഖലയിൽ, കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനക്കായുള്ള വിപണി വികസന ധനസഹായം, സഹകരണവൽക്കരണം, മഹിളാ കയർ

LIBRARY ARCHIVES Kerala Legislative Assembly